കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 29 | 2022 |
|---|---|




ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## ഇനി മകരവിളക്ക് മഹോത്സവകാലം; ഇന്ന് നട(ഡിസംബർ 30)തുറക്കും

ശബരിമല: കാനന പാത വീ ും ശരണം വിളികളാൽ മുഖരിതമാകും. കറുപ്പണിഞ്ഞ ഭക്തജന ലക്ഷം അയ്യപ്പ സന്നിധിയിലേക്ക് ഒഴുകിയെത്തും. മണ്ഡലകാലത്തിന് ശേഷം അടച്ച അയ്യപ്പക്ഷേത്ര നട മകരവിളക്ക് തീർഥാടനത്തിനായി ഇന്ന്(ഡിസംബർ 30) തുറക്കും.

വൈകിട്ട് 5ന് തന്ത്രി കണ്ഠര് രാജീവര് നട തുറക്കും. തുടർന്ന് മാളികപ്പുറം ക്ഷേത്രനട തുറക്കാൻ മേൽശാന്തി ഹരിഹരൻ നമ്പൂതിരിക്ക് താക്കോലും ഭസ്മവും നൽകി യാത്രയാക്കും. മേൽശാന്തിയുടെ ചുമതലയുള്ള തിരുവല്ല കാവുംഭാഗം നാരായണൻ നമ്പൂതിരി പതിനെട്ടാം പടിയിറങ്ങി ആഴി തെളിയിക്കും. അതിനു ശേഷം ഭക്തർക്ക് പതിനെട്ടാംപടി കയറാം. ഇന്ന്(ഡിസംബർ 30) പ്രത്യേക പൂജകളു ാകില്ല. മകരവിളക്ക് തീർഥാടന കാലത്തെ പൂജകൾ 31ന് പുലർച്ചെ 3ന് നിർമാല്യത്തിനു ശേഷം തുടങ്ങും.

ജനുവരി 14നാണ് മകരവിളക്ക്. ഇത്തവണത്തെ എരുമേലി പേട്ട തുള്ളൽ ജനുവരി 11ന് നടക്കും. തിരുവാഭരണ ഘോഷയാത്ര 12ന് പന്തളത്ത് നിന്ന് പുറപ്പെടും. 13ന് പമ്പ വിളക്ക്, പമ്പ സദ്യ എന്നിവ നടക്കും. മകരവിളക്ക് കാലത്തെ നെയ്യഭിഷേകം 18ന് പൂർത്തിയാക്കും. 19ന് തീർഥാടനത്തിനു സമാപനം കുറിച്ച് മാളികപ്പുറത്ത് ഗുരുതി നടക്കും. 20ന് രാവിലെ 7ന് നട അടക്കും. മകരവിളക്ക് മഹോത്സവത്തിന്റെ ഒരുക്കങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പൂർത്തിയായതായി ദേവസ്വം ബോർഡ് അറിയിച്ചു.

(പി.ആർ. ശബരി- 209)

# പരിശോധന നടത്തി ആരോഗ്യ വിഭാഗം

***ഇൻസിനറേറ്റർ തൊഴിലാളികളുടെ സൗകര്യം മെച്ചപ്പെടുത്താൻ നിർദേശം**

ശബരിമല: സന്നിധാനത്തെ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്ന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആരോഗ്യ വിഭാഗം നിർദേശിച്ചു. ഇൻസിനറേറ്റർ പ്രവർത്തിക്കുന്ന സ്ഥലവും തൊഴിലാളികളുടെ താമസ സ്ഥലവും പരിശോധിച്ച ശേഷമാണ് കരാറുകാരന് നിർദേശം നൽകിയത്. ഇത് സംബന്ധിച്ച് സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റിന് ആരോഗ്യ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചു.
ഇൻസിനറേറ്റർ പ്രവർത്തിക്കുന്നിടത്ത് അടിസ്ഥാന സൗകര്യങ്ങളില്ലാതെയാണ് തൊഴിലാളികളെ താമസിപ്പിച്ചിരുന്നത്. അടച്ചുറപ്പില്ലാത്ത ഷെഡ്ഡ് വൃത്തിഹീനമായ നിലയിലായിരുന്നു. ഇതിനോട് ചേർന്നാണ് വിശ്രമസ്ഥലവും പാചകപ്പുരയുമുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ താമസ സ്ഥലവും പാചകപ്പുരയും മെച്ചപ്പെട്ട സൗകര്യമുള്ളിടത്തേക്ക് അടിയന്തരമായി മാറ്റാനും തൊഴിലാളികളുടെ സുരക്ഷക്ക് എച്ച് ഡി കയ്യുറകൾ, ഗം ബൂട്ട് എന്നിവ ആവശ്യാനുസരണം ലഭ്യമാക്കാനും കരാറുകാരനോട് ആവശ്യപ്പെട്ടു. ഹെൽത്ത് ഇൻസ്പെക്ടർ എൻ ബാബുവിന്റെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ എ കെ ഷിബു, കെ വിനോദ്കുമാർ, കെ ജി ഗോപകുമാർ എന്നിവരും പങ്കെടുത്തു.

***ഫോട്ടോ: സന്നിധാനത്തെ ഇൻസിനറേറ്റർ തൊഴിലാളികളുടെ താമസ സ്ഥലത്ത് ആരോഗ്യ വിഭാഗം പരിശോധന നടത്തുന്നു.***

(പി.ആർ. ശബരി- 210)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.